# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പമ്പാറിവർ അതോറിറ്റി</u>

5134 ശ്രീ. രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
,, ആർ. രാജേഷ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സന്നിധാനത്തും പമ്പയിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പമ്പാറിവർ അതോറിറ്റിക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) 2010-ൽ കേരള ഹൈക്കോടതി പമ്പയിലെ പൂഴമണൽ ഖനന നിയമത്തിന്റെ നിർവ്വഹണത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചിരുന്നുവോ ; എങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഡാം</u>

5135 ശ്രീ. വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാം പൊളിക്കുന്നതു സംബന്ധിച്ച് ഉന്നതാധികാര സമിതിയുടെ നിലപാട് എന്താണ്;

(ബി) അണക്കെട്ട് പൊളിക്കുന്നതിന്റെ ചെലവ് സംബന്ധിച്ച് കണക്ക് തയ്യാറാക്കി നൽകാൻ സമിതി സംസ്ഥാനത്തോട് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പുതിയ ഡാമിനെക്കുറിച്ച് എന്തെല്ലാം വിവരങ്ങൾ നൽകണമെന്നാണ് സമിതി നിർദ്ദേശിച്ചിട്ടുള്ളത്?

# കേരള നിയമസഭ

## 24.10.2011-ലെ മറുപടിക്ക്

### മുല്ലപ്പെരിയാർ അണക്കെട്ടിൽ കേന്ദ്ര ജല - ഊർജ്ജ ഗവേഷണ കേന്ദ്രത്തിന്റെ പരിശോധന

5136

ശ്രീ. കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ കേന്ദ്ര ജല - ഊർജ്ജ ഗവേഷണ കേന്ദ്രത്തിന്റെ പരിശോധനയെക്കുറിച്ച് സംസ്ഥാനം പരാതി നൽകിയിട്ടുണ്ടോ എന്നു വിശദമാക്കുമോ;

(ബി) ഈ പരാതിയിന്മേൽ ഉന്നതാധികാര സമിതിയുടെ തീരുമാനമെന്തായിരുന്നു;

(സി) ഉന്നതാധികാര സമിതി ഇങ്ങനെ ഒരു തീരുമാനമെടുക്കാനുള്ള സാഹചര്യം എന്തായിരുന്നു എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയം</u>

5137 ശ്രീ.ബെന്നി ബെഹനാൻ
'' വി. റ്റി. ബൽറാം
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബലക്ഷയം കണ്ടെത്തുന്നതിന് മുല്ലപ്പെരിയാർ അണക്കെട്ടിൽ സോണിക് ലോഗ് ടെസ്റ്റ് നടത്തുകയുണ്ടായോ; വിശദമാക്കാമോ;

(ബി) ആരാണ് ഈ ടെസ്റ്റ് നടത്തിയത്;

(സി) പ്രകമ്പന പരിശോധന നടത്തിയതു കൊണ്ട് കേരളത്തിന് പ്രത്യേക പ്രയോജനം ചെയ്യുമെന്ന് കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്താക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഉന്നതാധികാര സമിതി ആവശ്യപ്പെട്ട റിപ്പോർട്ടുകൾ</u>

5138 ശ്രീ. സി. ദിവാകരൻ
'' കെ. അജിത്
'' ഇ. എസ്. ബിജിമോൾ
'' കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ കേസ്സിൽ സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി എത്ര റിപ്പോർട്ടുകളാണ് സംസ്ഥാനത്തോട് ആവശ്യപ്പെട്ടത്, ഇതിൽ എത്ര റിപ്പോർട്ടുകൾ കേരളം നൽകികഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇനി കേരളം നൽകാനുള്ള റിപ്പോർട്ടുകൾ എതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഈ റിപ്പോർട്ടുകൾ എപ്പോൾ നൽകാൻ കഴിയുമെന്നാണ് ഉന്നതാധികാര സമിതിയെ അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി</u>

5139 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പ്രോജക്ട് എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ഈ പ്രോജക്ടിനുവേണ്ടി ചെലവാക്കിയ തുക എത്രയാണ്;

(ഇ) ഈ തുക ഏതെല്ലാം ഭാഗത്തെ പ്രവൃത്തികൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്;

(എഫ്) അങ്കമാലി നിയോജക മണ്ഡലത്തിൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി അക്വസിഷൻ നടപടികൾ പൂർത്തിയാക്കുവാനുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കുമോ;

(ജി) വർഷങ്ങൾക്കുമുമ്പ് ഈ പ്രോജക്ടിനായി ഏറ്റെടുത്ത് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യംപുഴ പഞ്ചായത്തിലെ ചെയിനേജ് 2000 മീറ്റർ മുതൽ 3000 മീറ്റർ വരെയുള്ള റീച്ചിലെ 20 ഓളം സ്ഥലം ഉടമകൾക്ക് എന്നത്തേക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

(എച്ച്) അയ്യംപുഴ പഞ്ചായത്തിലെ ചെയിനേജ് 2000 മീറ്റർ മുതൽ 3000 മീറ്റർ വരെയുള്ള റീച്ചിലെ അക്വിസിഷൻ നടപടികളിലിരിക്കുന്ന പുളിയനം കരയിൽ ഇടവഴിക്കൽ വീട്ടിൽ ശ്രീമതി എൽസി ജോയിയുടെ 30 സെന്റോളം സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും ഇവർക്ക് എന്നത്തേക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട്</u>

5140 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രോജക്ടിന്റെ ഓഫീസുകളുടെ പുനസംഘടന നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രോജക്ട് അഡൈ്വസറി കമ്മിറ്റി നിലവിൽ വന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ;

(ഡി) ഇക്കൊല്ലത്തെ കനാൽ അറ്റകുറ്റ ജോലികളും കനാൽ ബണ്ടുകൾ ബലപ്പെടുത്തുന്ന പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സന്നദ്ധമാകുമോ ;

(എഫ്) ജീർണ്ണാവസ്ഥയിലുള്ള ഓഫീസ് കെട്ടിടങ്ങൾ പുനരുദ്ധരിക്കുവാൻ തുക അനുവദിക്കുമോ ;

(ജി) പ്രോജക്ടിന്റെ റീവാമ്പിങ്ങിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; അനുവദിച്ച തുക എത്രയാണെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ ക്വാർട്ടറുകൾ</u>

5141 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെട്ട വിവിധപ്രദേശങ്ങളിലുള്ള ക്വാർട്ടറുകൾ ഇപ്പോൾ ഏത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ</u>

5142 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കുന്നതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

൯സി) പ്രവൃത്തികളുടെ പേര്, പഞ്ചായത്ത്, തുക, ഭരണാനുമതി, സാങ്കേതികാനുമതി ലഭിച്ച തീയതികൾ, ടെണ്ടർ നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പ്രധാന ജലസേചന പദ്ധതികൾ</u>

5143 ശ്രീ. പി.കെ. ബഷീർ
,, എം. ഉമ്മർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രവർത്തനം നടക്കുന്ന പ്രധാനപ്പെട്ട ജലസേചന പദ്ധതികളെ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ഇവയോരോന്നും എന്നാണ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) ഇവ സമയപരിധിക്കകം പൂർത്തിയാക്കാനാവാതെ വരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളെക്കുറിച്ച് വിശദീകരിക്കാമോ;

(ഡി) പദ്ധതികളുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കാനുള്ള നിലവിലെ സംവിധാനത്തിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ ചെറുകിട ജലസേചന പദ്ധതികൾ

5144 കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാർഷിക വികസനപാക്കേജിൽ ഉൾപ്പെടുത്തി ജലസേചന പദ്ധതികൾക്ക് അനുമതി നൽകുന്നതിലേക്കായി എന്ത് തുകയാണ് നീക്കി വെച്ചിട്ടുള്ളത്;

(ബി) ആർ.ഐ.ഡി എഫ് എട്ടിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിലേക്കായി ജില്ലയിൽ നിന്നും എത്ര ചെറുകിട ജലസേചന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്;

(സി) ഇതിൽ എത്ര പദ്ധതികൾക്ക് അനുമതി നലകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ജലസേചനത്തിനും കർഷകരുടെ കാർഷിക സാമഗ്രികളും ഉൽപ്പന്നങ്ങളും കൊണ്ടുപോകുന്നതിനുള്ള മേൽ പ്രോജക്ടുകൾക്ക് അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

വാമനപുരം നിയോജകമണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾ

5145 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏലാത്തോടുകൾ, ബണ്ടുകൾ, നടപ്പാലങ്ങൾ, പരിസ്ഥിതി പ്രാധാന്യമുള്ള കുളങ്ങൾ മുതലായവ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഇറിഗേഷൻ (മൈനർ, മേജർ) വകുപ്പിന്റെ എന്തെല്ലാം പദ്ധതികളാണ് നിലവിലുളളത്; ഓരോന്നിന്റേയും വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ഓരോ നിയോജകണ്ഡലത്തിലും അനുവദിക്കാവുന്ന പരമാവധി തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) വാമനപുരം നിയോജകമണ്ഡലത്തിൽ ഈ പദ്ധയിൽപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മലബാർ മേഖലയിലെ ജലസേചന പദ്ധതികൾ</u>

5146 ശ്രീ. കെ. എം. ഷാജി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ;

(എ) മലബാർ മേഖലയിൽ നടന്നുവരുന്ന ജലസേചന പദ്ധതികളുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും പ്രവർത്തന തടസ്സങ്ങളുണ്ടായാൽ അവ നീക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദ വിവരം നൽകാമോ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നതെന്നും അവയോരോന്നിന്റെയും അടങ്കൽ, പ്രവർത്തന സ്റ്റേജ്, ഇതുവരെ ചെലവഴിച്ച തുക, പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന കാലം എന്നിവ സംബന്ധിച്ച വിശദ വിവരം നൽകാമോ;

(സി) ഈ പദ്ധതികളിൽ നിന്നുള്ള ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന കാര്യത്തിൽ, ഫീൽഡിലെ ആവശ്യകത കണക്കിലെടുത്തിട്ടുണ്ടോ; കൃഷി വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിനും തദനുസരണമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള സംവിധാനം വിശദമാക്കുമോ;

(ഡി) നടപ്പു പദ്ധതികൾ യഥാകാലം പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരവും നിലനിൽക്കുന്ന കാതലായ തടസ്സങ്ങളെ സംബന്ധിച്ച വിശദ വിവരവും നൽകാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കുറ്റ്യാടി ജലസേചന പദ്ധതി</u>

5147 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതി കനാലുകൾ നിർമ്മിച്ചിട്ടുള്ളത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ബി) കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാവസരങ്ങളിൽ നടത്താറുണ്ടോ എന്നും ഇല്ലെങ്കിൽ അതിനു കാരണമെന്തെന്നും വ്യക്തമാക്കുമോ ;

(സി) കനാലുകൾക്ക് നിർമ്മിച്ച അക്വഡക്ടുകൾ കാലപ്പഴക്കത്താൽ ജീർണ്ണിച്ചു കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഇ) കനാൽ ചോർച്ച തടയുന്നതിന് കോൺക്രീറ്റ് ലൈനിംഗ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കുറ്റ്യാടി ജലസേചന പദ്ധതി കനാൽ നവീകരണം</u>

5148 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതി കനാൽ നവീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് മൊത്തം എത്ര തുക വകയിരുത്തി എന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ പേരും ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ വർഷം ഏതെല്ലാം പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നത് ; പ്രവൃത്തികളുടെ പേരും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കുറ്റ്യാടി ഇൻസ്പെക്ഷൻ ബംഗ്ലാവ്</u>

5149 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴിയിലെ ഇൻസ്പെക്ഷൻ ബംഗ്ലാവ് നിർമ്മിച്ചത് എന്നാണ്; നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെയുള്ളത് എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇൻസ്പെക്ഷൻ ബംഗ്ലാവ് മെച്ചപ്പെട്ട സൗകര്യങ്ങളോടെ പുതുക്കിപ്പണിയാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

5150 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ജലവിഭവ വകുപ്പ് ഏറ്റെടുത്ത് പുനർ നിർമ്മിക്കാനും വികസിപ്പിക്കാനും ഉദ്ദേശിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയായി എന്നും അതിനായി എന്തുതുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ;

(സി) ഇതു പ്രകാരം എത്ര ദൂരം കനാലുകൾ പുനർ നിർമ്മിച്ചു; ഏതെല്ലാം റീച്ചുകളിൽ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പണികൾ മുഖേന എത്രദൂരം കനാലുകൾ യാത്രായോഗ്യമായിട്ടുണ്ടെന്നും, ഇവയെ സമീപത്തെ കായലുമായി ബന്ധിപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ജലസേചന സൗകര്യങ്ങൾ</u>

5151 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി കാസർഗോഡ് ജില്ലക്ക് ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തുതുകയാണ് നീക്കിവെച്ചിട്ടുളളതെന്ന് അറിയിക്കാമോ;

(ബി) ഇതിലേക്കായി എത്ര ജലസേചന പ്രോജക്ടുകൾ ജില്ലയിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്; ഇതിൽ എത്ര എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ജലസേചനവുമായി ബന്ധപ്പെട്ട അവലോകന യോഗം

5152 ശ്രീ. ജി. എസ് ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡല അടിസ്ഥാനത്തിൽ ജലസേചനവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗം കൂടുന്നതിലേക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ അവലോകന യോഗം വിളിച്ച്ചേർക്കുന്നതിലേക്കായി ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അവസാനം പ്രസ്തുത യോഗം ചേർന്നത് എന്നാണെന്നും അറിയിക്കുമോ;

(സി) സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ചാത്തന്നൂർ മണ്ഡലത്തിൽ പ്രസ്തുത യോഗം കൂടുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടുന്നത് ഏത് ഉദ്യോഗസ്ഥനാണെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി ജീവനക്കാരുടെ സ്പെഷ്യൽ റൂൾ</u>

5153 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്ക് മിനിസ്റ്റീരിയൽ, ടെക്നിക്കൽ എന്നിങ്ങനെ സ്പെഷ്യൽ റൂൾസ് ഉണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നുമുതൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ സ്പെഷ്യൽ റൂൾ</u>

5154 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ടെക്നിക്കൽ സ്പെഷ്യൽ റൂളുകളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റ്</u>

5155 ശ്രീ.പി.ശ്രീരാമകൃഷ്ണൻ
,, ജെയിംസ് മാത്യു
,, പി.റ്റി.എ.റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റ് നിയമ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ മാറ്റം വരുത്തിയത് അതോറിറ്റിയാണോ ;

(ബി) ജീവനക്കാർക്ക് നൽകിവന്നിരുന്ന മെഡിക്കൽ ആനുകൂല്യങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ വരുത്തിയ മാറ്റം എന്താണെന്ന് വിശദമാക്കാമോ ; ഇപ്പോഴത്തെ മാറ്റം അനുസരിച്ച് ജീവനക്കാർക്ക് ലഭിച്ചുവന്നിരുന്ന ആനുകൂല്യത്തിൽ എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റിയിൽ ആവിഷ്കരിച്ച ബ്ലൂ ബ്രിഗേഡ്, ഹെൽപ്പ് ഡസ്ക് എന്നീ സംവിധാനങ്ങൾ

5156 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയിൽ ആവിഷ്കരിച്ച ബ്ലൂ ബ്രിഗേഡ്, ഹെൽപ്പ് ഡസ്ക് എന്നീ സംവിധാനങ്ങൾ എല്ലാ ജില്ലകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ എടുത്തുവരുന്ന നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിൽ ആശ്രിത നിയമനം</u>

5157 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമനം ലഭിക്കാനുള്ളവരുടെ പേരുവിവരം സീനിയോറിറ്റി ക്രമത്തിൽ നൽകുമോ;

(ബി) വാട്ടർ അതോറിറ്റിയിൽ പ്രസ്തുത തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) 1.1.2007 മുതൽ പ്രസ്തുത തസ്തികയിൽ എത്ര ആശ്രിത നിയമനങ്ങൾ നടത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പ്രോജക്ട് ഡേറ്റായുടെ ഡോക്യുമെന്റേഷന്‍</u>

5158 ശ്രീ. കെ. അച്ചുതന്‍
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള വാട്ടര്‍ അതോറിറ്റിയുടെ പ്രോജക്ട് ഡേറ്റാ ഡോക്യുമെന്റേഷന്‍ പ്രവര്‍ത്തികള്‍ ഏതു ഘട്ടത്തിലാണ് ;

(ബി) എന്തെല്ലാം വിവരങ്ങളാണ് ഡോക്യുമെന്റേഷനില്‍ തീരുമാനിച്ചിട്ടുള്ളത്;

(സി) ഈ പ്രവര്‍ത്തനങ്ങള്‍ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ</u>

5159 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ജീവനക്കാരുടെ 31-3-2012-ലെ റിട്ടയർമെന്റ് കണക്കാക്കി 2012 ഏപ്രിൽ ഒന്നാം തീയതി ഉണ്ടാകുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഈ ഒഴിവുകൾ എന്നാൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തത്;

(സി) തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർ വിന്യാസം ചെയ്യപ്പെട്ടവരിൽ തിരികെ വരാനാഗ്രഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാർ ജലസേചന വകുപ്പിൽ തിരികെ പ്രവേശിച്ചിട്ടുണ്ടോ ; എങ്കിൽ ആകെ എത്ര പേർ പ്രവേശിച്ചെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

കൊയിലാണ്ടി ട്രഷറി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടി

5160 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം പണിയാൻ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ (ഐ. & എ) യുടെ പരിഗണനയിലുള്ള ഫയലിൽ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ അടിയന്തിരമായി നടപടികൾ പൂർത്തീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ഭൂജലവകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍</u>

5161 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂജലവകുപ്പിന്റെ ആഭിമുഖ്യത്തില്‍ കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ നടത്തുന്ന പ്രവര്‍ത്തനങ്ങള്‍ ഏതൊക്കെയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഭൂജലശേഖരം വര്‍ദ്ധിപ്പിക്കുന്നതിനായി പ്രസ്തുത വകുപ്പ് ഈ മണ്ഡലത്തില്‍ ഏറ്റെടുത്ത പ്രധാന പ്രവര്‍ത്തനങ്ങള്‍ ഏതെല്ലാമാണ് ;

(സി) 2011-12 പ്രസ്തുത വകുപ്പ് വയനാട്ടില്‍ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്ന പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഭൂഗർഭ ജലത്തെക്കുറിച്ചും ഭൂഗർഭ ജലസംഭരണികളെക്കുറിച്ചും സർവ്വേ</u>

5162 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലവകുപ്പ് ഭൂഗർഭ ജലത്തെക്കുറിച്ചും ഭൂഗർഭ ജലസംഭരണികളെക്കുറിച്ചും സർവ്വേ നടത്തിയിട്ടുണ്ടോ ;

(ബി) ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നതിനും കിണർ കുഴിക്കുന്നതിനും എവിടെയെല്ലാം വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട് ;

(സി) ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നത് മൂലമുള്ള ആഘാതത്തെക്കുറിച്ച് ഏതെങ്കിലും ഏജൻസികൾ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പഠനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ജലനിധിയുമായി ബന്ധപ്പെട്ട സി. ബി. ഒ. രൂപീകരണം

5163 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധിയുടെ ഒന്നാംഘട്ട പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച സി. ബി. ഒ. (കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻസ്) കളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) ജലനിധിയുടെ രണ്ടാംഘട്ട പദ്ധതി നടത്തിപ്പിനായി എത്ര സി. ബി.ഒ കൾ രൂപീകരിക്കാനാണുദ്ദേശിക്കുന്നത്;

(സി) പദ്ധതിയോടനുബന്ധിച്ച് രൂപീകരിക്കുന്ന ഇത്തരം സി. ബി.ഒ കളുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) പദ്ധതി പൂർത്തീകരിച്ചതിനുശേഷവും പദ്ധതി ലക്ഷ്യങ്ങളുടെ നിലനിൽപ്പിനായി ഇത്തരത്തിലുളള സി. ബി.ഒ കളുടെ സുസ്ഥിരമായ നിലനിൽപ്പ് ആവശ്യമാണോ ;

(ഇ) അതിനുളള എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

''ജലനിധി''യുടെ രണ്ടാംഘട്ടം നടപ്പാക്കൽ

5164 ശ്രീ. ജി. സുധാകരൻ
,, ബി. ഡി. ദേവസ്സി
,, കെ. കെ. നാരായണൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''ജലനിധി''യുടെ രണ്ടാംഘട്ടം നടപ്പാക്കുന്നത് സംബന്ധിച്ച് ലോകബാങ്ക് പ്രതിനിധികളുമായി ജലവിഭവ വകുപ്പുമന്ത്രി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) രണ്ടാംഘട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പഞ്ചായത്തുകളെ തെരഞ്ഞെടുത്തതിലെ മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ജലനിധി പദ്ധതി</u>

5165 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയില്‍ ഈ വര്‍ഷം ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകള്‍ ഏതെല്ലാമാണ് ;

(ബി) പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ ;

(സി) ജലനിധി പദ്ധതിയില്‍ കുടിവെള്ളത്തിന് മാത്രമാണോ പ്രധാന്യം നല്‍കുന്നത് ; ജലാശയങ്ങളുടെ സംരക്ഷണവും മറ്റും ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വരുന്ന സ്പാൻ പദ്ധതികൾ</u>

5166 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സ്പാൻ പദ്ധതിയുടെ കാലിക സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം ഗ്രാമീണ ശുദ്ധജല വിതരണപദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(സി) □സ്പാൻ□ പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്; എന്തു തുകയാണ് ഓരോ പദ്ധതിയ്ക്കും വകകൊളളിച്ചിട്ടുളളത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കുടിവെള്ള കണക്ഷന്‍</u>

5167 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൃശ്ശൂര്‍ ജില്ലയില്‍ പുറമ്പോക്കില്‍ താമസിക്കുന്ന സ്വന്തമായി റേഷന്‍കാര്‍ഡ്, തിരിച്ചറിയല്‍ കാര്‍ഡ്, വൈദ്യുതി കണക്ഷന്‍ എന്നിവയുള്ള അപേക്ഷകര്‍ക്ക്, കേരള വാട്ടര്‍ അതോറിറ്റി കുടിവെള്ള കണക്ഷന്‍ അനുവദിച്ചു നല്‍കാത്ത വിഷയം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇവര്‍ക്ക് വാട്ടര്‍ കണക്ഷന്‍ അനുവദിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള കേന്ദ്രസഹായം</u>

5168 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പൂർത്തിയാകാനുള്ള പദ്ധതികൾക്ക് ഉടൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിന് എത്ര തുകയാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നത്; വിശദമാക്കാമോ;

(ഡി) അടിയന്തിരമായി കേന്ദ്രത്തിൽ നിന്ന് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് ശ്രമം നടത്തുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കുട്ടക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി</u>

5169 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതി എന്നാണ് പൂർത്തീകരിക്കേണ്ടത് ;

(സി) പദ്ധതിയുടെ നിർമ്മാണം തുടങ്ങിയത് എന്നാണ്; നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വെള്ളൂർ - വെളിയന്നൂർ കുടിവെള്ള പദ്ധതി</u>

5170 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളൂർ - വെളിയന്നൂർ കുടിവെള്ള പദ്ധതി, തലയാഴം കുടിവെള്ളപദ്ധതി എന്നീ പദ്ധതികൾ പ്രകാരം ഏതൊക്കെ പഞ്ചായത്തുകളിലാണ് കുടിവെള്ള വിതരണം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് ;

(ബി) ഈ പദ്ധതികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതികൾക്കുവേണ്ടി ഏതൊക്കെ പഞ്ചായത്തുകളിൽ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട് ; ഏതൊക്കെ പഞ്ചായത്തുകളിൽ ഇനി പൈപ്പുകൾ സ്ഥാപിക്കേണ്ടതായുണ്ട് ;

(ഡി) ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അനുമതിക്കായി ഏതെങ്കിലും ഫയൽ തീർപ്പാകാനുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഹരിതീർത്ഥക്കര കുടിവെള്ള പദ്ധതി</u>

5171 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കാങ്കോൽ-ആലപ്പടമ്പ പഞ്ചായത്തിലെ ഹരിതീർത്ഥക്കര കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പദ്ധതി പൂർത്തീകരിച്ച് കുടിവെള്ളം എന്ന് ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കോടശ്ശേരി - പരിയാരം സമഗ്ര കുടിവെള്ള പദ്ധതി</u>

5172

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി - പരിയാരം സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) സർവ്വേ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) വൈന്തല കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതി</u>

5173 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ് സ്കീമിൽ 'സ്പാൻ' കുടിവെള്ള പദ്ധതി പ്രകാരം നടപ്പാക്കുന്ന ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പൂർത്തീകരിക്കാൻ ഇനി എത്ര നാൾ വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ ജലവിതരണ പദ്ധതികൾ</u>

5174 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ ഇപ്പോൾ നിലവിലുള്ള ജലവിതരണ പദ്ധതികളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) മണ്ഡലത്തിൽ പുതുതായി ജലവിഭവ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

5175 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി-നെടുമ്പുര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം എന്ന് ആരംഭിച്ചുവെന്നും
എൽ.ഐ.സി. യിൽ നിന്നും എന്ത് തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ;

(ബി) നിർമ്മാണം സ്തംഭനാവസ്ഥയിലായിരുന്ന പദ്ധതി നബാർഡ് ധനസഹായത്തോടുള്ള സ്പാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി എന്ന് നിർമ്മാണം പുനരാരംഭിച്ചുവെന്നും എന്ത് തുക അനുവദിച്ചുവെന്നും പറയാമോ ;

(സി) നിലവിൽ പദ്ധതിയുടെ നിർമ്മാണം അറിയിക്കുമോ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പദ്ധതി പൂർത്തീകരിച്ച് എന്ന് കമ്മീഷൻ ചെയ്യാനാകും ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി നിർമ്മാണം</u>

5176 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ കടങ്ങോട് ശുദ്ധജല വിതരണ പദ്ധതി നിർമ്മാണം എന്നാണ് ആരംഭിച്ചത്;

(ബി) ഈ പദ്ധതിക്ക് ഇതുവരെ ചെലവായ തുക എത്രയാണ്;

(സി) പദ്ധതി പൂർത്തിയാക്കുവാനുണ്ടായ കാലതാമസത്തിന് കാരണങ്ങളെന്താണെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതി പൂർത്തിയാക്കി എന്ന് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>എടവനക്കാട്, നായരമ്പലം കുടിവെള്ള  പദ്ധതി</u>

5177 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിഡയുടേയും ഫിഷറീസ് വകുപ്പിന്റേയും ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, നായരമ്പലം പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് ജിഡയിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ; ഫണ്ട് ലഭ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പൈങ്കുളം, തിരുവില്വാമല കുടിവെള്ള പദ്ധതികൾ</u>

5178 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ പൈങ്കുളം, തിരുവില്വാമല കുടിവെള്ള പദ്ധതികൾ എപ്പോഴാണ് ആരംഭിച്ചത് ;

(ബി) പദ്ധതികളിൽ സ്ഥാപിച്ചിരിക്കുന്ന പമ്പുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കാലപ്പഴക്കം കാരണം പമ്പുകൾ പലപ്പോഴും തകരാറിലായി കുടിവെള്ളവിതരണത്തിന് തടസ്സമുണ്ടാകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാലപ്പഴക്കം ചെന്ന പമ്പുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ജലാശയങ്ങളും കുളങ്ങളും കിണറുകളും സംരക്ഷിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനു നടപടി</u>

5179 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംരക്ഷിക്കപ്പെടാതെ കിടക്കുന്ന ജലാശയങ്ങളും കുളങ്ങളും കിണറുകളും സംരക്ഷിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനു നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പ്രവർത്തനരഹിതമായ പൊതുടാപ്പുകൾ</u>

5180 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽ മൂന്നിലൊന്ന് പോലും പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ ഇവ പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പഴകിയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പദ്ധതി</u>

5181 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ജലവിതരണ പദ്ധതികളുടെ പഴകിയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി വഴി കുറഞ്ഞത് പത്തു ശതമാനം പൈപ്പുകളെങ്കിലും മാറ്റി പുതിയ പൈപ്പുകൾ ഇടുവാൻ നടപടി എടുക്കുമോ;

(സി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്നു തുടങ്ങാനാകുമെന്നാണ് കരുതുന്നത്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മൂവാറ്റുപുഴയാറുമായി ബന്ധപ്പെട്ട ജലസേചന കുടിവെള്ള പദ്ധതികൾ</u>

5182 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴയാറുമായി ബന്ധപ്പെട്ട് എത്ര ജലസേചന/ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് ; പണി പുരോഗമിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) മൂവാറ്റുപുഴയാറുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വടകര മുൻസിപ്പാലിറ്റിയിലെ കുടിവെള്ള വിതരണം</u>

5183 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര മുൻസിപ്പാലിറ്റിയിൽ യൂഡിസ്മാറ്റു സഹായപ്രകാരം നടത്തുന്ന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി എപ്പോൾ പൂർത്തിയാകും ;

(ബി) പദ്ധതി പൂർത്തിയാകുമ്പോൾ ഏതു ഏജൻസിയുടെ പൈപ്പുകൾ സ്ഥാപിക്കാനാണ് ഫണ്ട് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പൈപ്പ് ലൈൻ സ്ഥാപിച്ചു വെള്ളം വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ജപ്പാന്‍ കുടിവെള്ള പദ്ധതി</u>

5184 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജല വിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജപ്പാന്‍ കുടിവെള്ളപദ്ധതിയില്‍ ഉള്‍പ്പെട്ടിട്ടുള്ള പാക്കേജിന്റെ അവസ്ഥ എന്താണെന്നും ഇനിയും എത്ര ശതമാനം ജോലികള്‍ പൂര്‍ത്തീകരിക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ചേര്‍ത്തലയിലെ ജപ്പാന്‍ കുടിവെള്ള പദ്ധതി എന്ന് കമ്മീഷന്‍ ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് പറയാമോ;

(സി) മീനച്ചിലാര്‍ പദ്ധതി നടപ്പിലാക്കിയാല്‍ ജപ്പാന്‍ കുടിവെള്ള പദ്ധതിയുടെ ചേര്‍ത്തല പാക്കേജിനുണ്ടാകാന്‍ പോകുന്ന ഭീഷണിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ഡി) തൈകാട്ടുശ്ശേരിയിലെ ട്രീറ്റ്മെന്റ് പ്ലാന്റില്‍ മുവാറ്റുപുഴയാറിലെ ജലമെത്താന്‍ എത്ര മീറ്റര്‍ പൈപ്പ് ഇനി സ്ഥാപിക്കാനുണ്ടെന്നു പറയാമോ; പദ്ധതി കമ്മീഷന്‍ ചെയ്യുന്നതിനുമുന്‍പ് പ്രധാനമായും പൂര്‍ത്തീകരിക്കാനുള്ള ജോലികള്‍ എന്തെല്ലാമെന്നു പറയാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ്, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികളിൽ യൂഡിസ്മാറ്റ് പദ്ധതി</u>

5185 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കുടിവെള്ളം നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ യൂഡിസ്മാറ്റ് എത്ര സ്ഥലങ്ങളിൽ നടപ്പിലാക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ ഓരോ തദ്ദേശസ്ഥാപനത്തിനും എന്തു തുകയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ഇതിൽ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം എത്രയാണെന്നും അറിയിക്കാമോ ;

(സി) കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കാസർ ഗോഡ്, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികൾ പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ജലവിഭവ വകുപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് മുനിസിപ്പാലിറ്റികളേയും സമീപിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ മുൻസിപ്പാലിറ്റികൾ പദ്ധതിക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും മുൻസിപ്പാലിറ്റികൾ ജലവിഭവ വകുപ്പിന് നൽകിയ മറുപടി എന്താണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ ശുദ്ധീകരണം</u>

5186 ശ്രീ.പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല പ്ലാന്റുകളിൽ നിന്ന് വിതരണം ചെയ്യുന്ന കുടിവെള്ള വേണ്ടത്ര ശുദ്ധമല്ലെന്ന് വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധീകരണ പ്ലാന്റുകളുടെ ശുചിത്വവും ശുദ്ധജലത്തിന്റെ ശുദ്ധീകരണവും ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ;

(സി) കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഗ്രാമീണ ശുദ്ധജല പദ്ധതികൾ</u>

5187 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതി ശുദ്ധീകരണ സംവിധാനം</u>

5188 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള പദ്ധതി ഏതൊക്കെ നഗരങ്ങളിലാണ് നടപ്പിലാക്കുന്നത്; പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധീകരണ സംവിധാനങ്ങൾ ആധുനികസാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ളതാണോ;

(സി) ഇവ ഇപ്പോൾ പ്രവർത്തിപ്പിക്കുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പരമ്പരാഗത രീതിയിലുള്ള ശുചീകരണ സംവിധാനമാണോ കെ. ഡബ്ല്യൂ. എ. ഇപ്പോൾ അവലംബിച്ചുവരുന്നത്;

(ഇ) എങ്കിൽ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കെ. ഡബ്ല്യൂ. എ.യിലെ നിശ്ചിത എണ്ണം ഓപ്പറേറ്റർമാർക്കും വർക്കർമാർക്കും വിദഗ്ദ്ധ പരിശീലനം നൽകണമെന്ന് പദ്ധതിയുടെ കരാറിൽ വ്യവസ്ഥ ഉണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(എഫ്) പരിശീലന നടപടികൾ ഇപ്പോൾ നടന്നുവരുന്നുണ്ടോ; എങ്കിൽ എത്ര പേർക്ക്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ശുദ്ധജലം സംരക്ഷിക്കുന്നതിന് മാസ്റ്റർ പ്ലാൻ</u>

5189 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനമായിട്ടും തീരദേശ മേഖലകളിലും മറ്റ് പല പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള പ്രശ്നം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) കുടിവെള്ളം വലിയതോതിൽ മലിനീകരിക്കപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ശുദ്ധജലം സംരക്ഷിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം</u>

5190 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുടിവെള്ള സ്രോതസ്സുകളെല്ലാം മലിനീകരിക്കപ്പെട്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; അതിനായി ഓരോ ജില്ലയിലും നിലവിലുള്ള സംവിധാനം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംവിധാനം അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ ശുദ്ധജല വിതരണ പദ്ധതികൾ</u>

5191 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണത്തിനായി മലപ്പുറം ജില്ലയിൽ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) പ്രധാനപദ്ധതികൾ ഏതെല്ലാമാണ്;

(സി) നിലവിൽ പണി പൂർത്തിയാക്കാനുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണ്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ ശുദ്ധജല പദ്ധതികൾ

5192 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജല പദ്ധതികൾ ഏതെല്ലാം; ഇതിന്റെ പ്രയോജനം എത്രപേർക്ക് ലഭിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഏന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മീനാട് ശുദ്ധജല പദ്ധതി</u>

5193 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ. ബി. ഐ. സി. യുടെ ഭാഗമായ മീനാട് ശുദ്ധജല പദ്ധതി നടപ്പിലാക്കുന്നതിലേക്കായി എത്ര പാക്കേജുകളായിട്ടാണ് പദ്ധതി വിഭാവന ചെയ്തിരുന്നത്;

(ബി) ഓരോ പാക്കേജും എത്രകോടി രൂപയ്ക്കാണ് ടെന്റർ ഏറ്റെടുത്തത്; ഏതു കാലാവധിക്ക് മുൻപാണ് പണി പൂർത്തീകരിക്കുവാൻ കരാർ വച്ചിരുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പൂർണ്ണമായും പൂർത്തീകരിച്ച പാക്കേജുകൾ ഏതൊക്കെയാണ്; ഇനി പൂർത്തീകരിക്കാനുള്ളവ ഏതാണെന്നും എത്രത്തോളം പ്രവൃത്തികൾ ഇനി അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) കരാറുകാർക്ക് ഓരോ പാക്കേജിനും എത്ര കോടി രൂപ വീതം നൽകിയിട്ടുണ്ട്; ഏതെങ്കിലും കരാറുകാരുമായി കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(ഇ) ഏതെങ്കിലും പാക്കേജിൽ കരാർ ഏറ്റെടുത്തയാൾ പണി പൂർത്തീകരിക്കാതെ കരാർ അവസാനിപ്പിച്ച് പോയിട്ടുണ്ടോ;

(എഫ്) എങ്കിൽ കരാർ അവസാനിപ്പിക്കുകയും പണി ശേഷിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രവൃത്തി എങ്ങനെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; കൂടുതൽ തുക ആവശ്യമായി വന്നാൽ എന്തു നടപടി സ്വീകരിക്കും;

(ജി) ശേഷിക്കുന്ന തുകകൊണ്ട് പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

(എച്ച്) വിദേശ സാങ്കേതിക മികവോടെ നടപ്പിലാക്കിയ മീനാട് ശുദ്ധജല പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്ത അവസ്ഥ എങ്ങനെയുണ്ടായി എന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തിലെ വെളിയങ്കോട്</u>
<u>ലോക്ക് - കം - ബ്രിഡ്ജ്</u>

5194 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ വെളിയങ്കോട് ലോക്ക് - കം - ബ്രിഡ്ജിന്റെ പണികൾ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഷട്ടർ ഡിസൈൻ മാറ്റുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി;

(സി) ഉടനെ പണികൾ ആരംഭിക്കാൻ കഴിയുമോ;

(ഡി) എങ്കിൽ എന്ന് തുടങ്ങാൻ കഴിയുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം</u>

5195 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കര-ലക്ഷ്മിപുരം തോപ്പ് തീരദേശ റോഡിൽ വെട്ടിമുറിക്കപ്പെട്ട സ്ഥലത്ത് സ്ഥിരമായി ജലം ഒഴുക്കി വിടുന്നതിനായി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കണം എന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സാദ്ധ്യമാക്കുന്നതിലേക്ക് എന്ത് നടപടി സ്വീകരിക്കാമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റോഡിൽ വെട്ടിമുറിക്കപ്പെട്ട ഭാഗം താൽക്കാലികമായി നന്നാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും, ആയതിന്റെ പ്രവർത്തനപുരോഗതിയും വിശദമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പ്ലാച്ചിമട കൊക്കകോള കമ്പനി</u>

T 5196 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്ലാച്ചിമട കൊക്കകോള കമ്പനി ഏതെല്ലാം മേഖലകളില്‍ എത്രമാത്രം നഷ്ടമുണ്ടാക്കിയതായി ജയകുമാര്‍ സമിതി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ അതു തിരിച്ചു പിടിക്കുന്നതിന് ട്രൈബ്യൂണല്‍ രൂപവല്‍ക്കരിക്കാനുള്ള തീരുമാനം 12-ാം നിയമസഭ പാസ്സാക്കിയിട്ടുണ്ടോ;

(സി) എങ്കില്‍ അതിന്റെ നിലവിലെ സ്ഥിതിയെന്താണ് എന്നു വ്യക്തമാക്കുമോ;

(ഡി) ജലചൂഷണത്തിനെതിരെ നഷ്ടപരിഹാരം നല്‍കില്ലെന്നുള്ള കൊക്കകോള കമ്പനിയുടെ നിലപാട് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കില്‍ അതിനെതിരെ എന്തു നടപടി സ്വീകരിക്കാനാകുമെന്നറിയിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പാലത്തിന്റെ പുനർ നിർമ്മാണം</u>

5197 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കക്കോടി പഞ്ചായത്തിൽ പറമ്പത്ത് - താഴം കമലക്കുന്നു റോഡ് കനാൽ പാലം പുതുക്കിപ്പണിയണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ജംഗാറിന്റെ നിർമ്മാണം</u>

5198 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന്, കാവാലം പ്രദേശങ്ങളിലേക്കു ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം നിർമ്മിക്കുന്ന ജംഗാറിന്റെ നിർമ്മാണം എത്രത്തോളം പൂർത്തിയായി എന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) റീടെണ്ടർ ചെയ്ത ജംഗാറുകളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പൈലിന്റെ ചുവട്ടിൽ നിന്നും ചെളിമാറ്റുന്ന നടപടി</u>

5199 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കാർഷിക പാക്കേജിന്റെ ഭാഗമായി നിർമ്മിക്കുന്ന സംരക്ഷണ ഭിത്തിയുടെ ബണ്ട് നിർമ്മാണത്തിനുള്ള കട്ടചെളി ചെറിയ ജെ.സി.ബി. ഉപയോഗിച്ച് പൈലിന്റെ ചുവട്ടിൽനിന്നും എടുക്കുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ബി) പൈലിന്റെ കീഴിൽനിന്നും ചെളി എടുത്താൽ പൈലുകൾ മറിഞ്ഞുപോകുമെന്നതിനാൽ ചെളി എടുക്കാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും പേരിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>താനൂർ - കൂട്ടായി കനാലിന് കുറുകെ നടപ്പാത</u>

5200 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂർ നിയോജകമണ്ഡലത്തിലെ താനൂർ - കൂട്ടായി കനാലിന് കുറുകെ അഞ്ചിടങ്ങളിൽ നടപ്പാത നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ നടപ്പാത നിർമ്മിക്കുക; അവയുടെ പേര് വ്യക്തമാക്കുമോ;

(സി) പദ്ധതിക്കായി എന്ത് തുക വിനിയോഗിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കാനാകും; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പെരിയാറിലെ മാലിന്യങ്ങൾ</u>

5201 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിയാർ നദിയെ മാലിന്യമുക്തമാക്കി നിലനിർത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ ;

(സി) പെരുമ്പാവൂർ മുതൽ ഏലൂർ വരെയുള്ള ഭാഗത്തെ ജലമലിനീകരണം ദിനം പ്രതി പരിശോധിക്കുന്നതിനുള്ള സ്ഥിരം സംവിധാനമെങ്കിലും ആദ്യപടിയായി ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കനോലി കനാൽ സംരക്ഷിക്കാൻ പദ്ധതി</u>

5202 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലൂടെ ഒഴുകുന്ന കനോലി കനാലിലെ വെള്ളം വൃത്തിഹീനമായതിനാൽ ഇടയ്ക്കിടക്ക് മത്സ്യങ്ങൾ ചത്തുപൊങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കനാൽ വൃത്തിയാക്കി സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻകൂറായി നൽകിയ തുക</u>

5203 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവളം- കൊല്ലം ജലപാതയ്ക്കു വേണ്ടി 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുകയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തേണ്ട ജോലികൾക്ക് എന്ത് തുക മുൻകൂറായി നൽകി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എത്ര വീതം മുൻകൂറായി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത പണികളുടെ പുരോഗതിയുടേയും ഇതുവരെ ചെലവഴിച്ച തുകയുടേയും വിവരങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ തീരദേശ സംരക്ഷണത്തിനായി പദ്ധതികൾ</u>

5204 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ കരയിടിച്ചിലിന് വിധേയമായ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രദേശങ്ങളിൽ കടലാക്രമണം മൂലം ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ തീരദേശ സംരക്ഷണത്തിനായി ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ?